## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1 | 28.05.2019 - ൽ മറുപടിക്ക് |

## കേരള പുനർനിർമ്മാണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.ബാബു<br>ശ്രീ.ജോർജ്എം. തോമസ്<br>ശ്രീ . സി .കൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | പ്രകൃതിസൗഹൃദവും അതിജീവനശേഷിയുമുള്ള നിർമ്മാണത്തിലൂന്നുന്ന കേരള പുനർനിർമ്മാണപദ്ധതി (റീബിൽഡ് കേരള)യുടെ പുരോഗതി അറിയിക്കാമോ; | എ) | പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്നതാണ് പുനർനിർമാണത്തിന്റെ ലക്ഷ്യം തന്നെ. അതിജീവനക്ഷമമായ പാരിസ്ഥിതിക ഇടപെടലുകളിലൂടെ സംസ്ഥാനത്തിന്റെ പരിസ്ഥിതിമേഖലയ്ക്കുണ്ടായ തകർച്ച പരിഹരിക്കേണ്ടത് ദുരന്തസാധ്യത കുറയ്ക്കുന്നതിനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും അത്യാവശ്യമാണ്. സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (RKDP)-യിൽ പരിസ്ഥിതി സൗഹാർദ മാനദണ്ഡങ്ങൾ പാലിച്ച കൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികളാണ് നടപ്പാക്കുകയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത രേഖയിലെ പരിസ്ഥിതിയും കാലാവസ്ഥാ മാറ്റവും എന്ന അധ്യായത്തിൽ കേരള പുനർനിർമാണവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനു വരുത്തേണ്ട നയപരവും സ്ഥാപനപരവും നിക്ഷേപപരവുമായ ഇടപെടലുകൾ നിർദേശിക്കുന്നു. ലോകബാങ്കിൽ നിന്നും ജർമ്മൻ ബാങ്കായ KfW-ൽ നിന്നും ലോൺ എടുക്കുന്നതിന് സമ്മതപത്രം ഒപ്പ് വയ്ക്കുന്നതിന് സർക്കാർ അനുമതി നൽകി |
| ബി) | കേന്ദ്രസർക്കാരിന്റെയും മറ്റു ചില കേന്ദ്രങ്ങളുടെയും രാഷ്ട്രീയ പക്ഷപാതപരമായ ഇടപെടലുകൾ പുനർനിർമ്മാണപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | ബി) | പ്രളയത്തെത്തുടർന്ന് തകർന്ന അടിസ്ഥാന സൗകര്യങ്ങൾ, വീട്, മറ്റു ജീവനോപാധികൾ എന്നിവയുടെ അടിയന്തിര പുനഃസ്ഥാപനം സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിഞ്ഞ മേഖലകളാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിലേക്ക് ഒഴുകിയെത്തിയ സഹായങ്ങളും, കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായവും, സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി തുകയുടെ പുനഃക്രമീകരണവും കൊണ്ട് സമാഹരിക്കാനായ തുകകളും കൊണ്ട് ഇക്കാര്യം ഒരു പരിധി വരെ സാധ്യമാക്കിയിട്ടുണ്ട്. സാധ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | സഹായം സ്വീകരിച്ച കൊണ്ട് പ്രളയത്തിൽ തകർന്ന കേരളത്തെ കൂടുതൽ കാര്യക്ഷമവും പ്രകൃതിസൗഹൃദവും ദുരന്തത്തെ അതിജീവിക്കാൻ കഴിയുന്നതുമായ തരത്തിൽ പുനർനിർമ്മിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| സി) | പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉപജീവനം സുസാധ്യമാക്കുന്ന തരത്തിൽ ആവിഷ്ക്കരിക്കുന്ന വിവിധ പുനരധിവാസ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | സി) | പ്രകൃതി ദുരന്തങ്ങളിൽ ഉപജീവന മാർഗം നഷ്ടപ്പെടുന്ന ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ച് നിരാലംബരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായവരുടെ, ഉപജീവനം ഉറപ്പ് വരുത്തുന്നതിനുതകും രീതിയിൽ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്ന പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കാൻ കേരള പുനർനിർമാണ വികസന പരിപാടി (RKDP) വിഭാവനം ചെയ്യുന്നു. |
| ഡി) | ആവിഷ്ക്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ വേണ്ട മേൽനോട്ടസംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | ഡി) | ഏർപ്പെടുത്തിയിട്ടുണ്ട്. റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവിന്റെ ഭാഗമായി ഏറ്റെടുക്കുന്ന പദ്ധതികൾ വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ കേരള പുനർനിർമാണ വികസന പരിപാടി (RKDP) വിഭാവനം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**